**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ കളവങ്ങാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.നൈല.വി.എ-യ്ക്ക് പഠനാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**1486/2019/തസ്വഭവ** തിരുവനന്തപുരം, തീയതി,**16/07/2019**

---

പരാമർശം: 1) ശ്രീമതി.നൈല.വി.എ യുടെ 06.06.2019 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 22.06.2019 ലെ ഇ 6-8057/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കളവങ്ങാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.നൈല.വി.എ-യ്ക്ക് പഠനാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.നൈല.വി.എ, 02.03.2015 ന് സേവനത്തിൽ പ്രവേശിച്ച ശ്രീമതി.നൈല.വി.എ യ്ക്ക് അമൃത വിശ്യ വിദ്യാ പീഠത്തിൽ എം.ഫിൽ പൂർത്തീകരിക്കുന്നതിനായി പഠനാവശ്യത്തിനായി 26.06.2019 മുതൽ 30.05.2020 വരെ വരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (I) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. അമൃത വിശ്യ വിദ്യാ പീഠത്തിന്റെ ഡയറക്ടർ നൽകിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച എറണാകുളം ജില്ലയിലെ കളവങ്ങാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.നൈല.വി.എ-യ്ക്ക് അമൃത വിശ്യ വിദ്യാ പീഠം യൂണിവേഴ്സിറ്റിയിൽ എം.ഫിൽ പൂർത്തീകരിക്കുന്നതിനായി, ടിയാൾ സേവനത്തിൽ പ്രവേശിച്ചിട്ട് മൂന്ന് വർഷം പൂർത്തീകരിച്ചിരിക്കുന്നതിനാൽ 26.06.2019 മുതൽ 30.05.2020 വരെ (31.05.2020 ഞായർ പിൻചേർത്ത്), പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ. എസ്. ആർ. ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച കൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കുന്നു. ടിയാൾ ഇതിനകം അവധിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ അവധിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സ്വമേധയാ റദ്ദാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കളവങ്ങാട് ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.നൈല.വി.എ, ക്ലാർക്ക്, കളവങ്ങാട് ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് ( 15.07.2019 ലെ 152/ഡെവ-1/19/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(135/ഇപിഎ 1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ